58/DGE/HSE/NSS/2023


പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
04712323023
dhsensskerala@gmail.com


തീയതി : 27.6.2024

## സർക്കുലർ

**വിഷിയം : സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകൾ അനുവദിക്കുന്നത് സംബന്ധിച്ച്.**

സൂചന : **എൻ.എസ്.എസ്. ഹയർ സെക്കന്ററി വിഭാഗം ഉപദേശകസമിതി തീരുമാനം 2024–25 തീയതി 25.06.2024**

**സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റിന് അപേക്ഷ ക്ഷണിക്കുന്നു**

ഗവൺമെന്റ്/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളികളിൽ ഈ അധ്യയനവർഷം (2024–25) മുതൽ സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകൾ ആരംഭിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ പ്രോഗ്രാം കോ-ഓർഡിനേറ്റർ, എൻ.എസ്.എസ്. സെൽ, പൊതുവിദ്യാഭ്യാസ യഡയറക്ടറേറ്റ്, ഹയർ സെക്കന്ററി വിഭാഗം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695001 എന്ന വിലാസത്തിൽ 2024 ജൂലൈ 12 ന് 5 മണിക്ക് മുമ്പായി ലഭിക്കേണ്ടതാണ്. എൻ.എസ്.എസ്. യൂണിറ്റുകൾക്കായി മുമ്പ് നൽകിയ അപേക്ഷകൾ പരിഗണിക്കുന്നതല്ല. മാർഗ്ഗ നിർദ്ദേശങ്ങളും അപേക്ഷാഫോറത്തിന്റെ മാതൃകയും ചുവടെചേർക്കുന്നു.

പ്രോഗ്രാം കോ–ഓർഡിനേറ്റർ

## മാർഗ്ഗനിർദ്ദേശങ്ങൾ

1. ഗവൺമെന്റ്/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് എൻ.എസ്.എസ്. യൂണിറ്റിന് അപേക്ഷ നൽകാവുന്നതാണ്. (Annexure-A)
2. യൂണിറ്റ് ലഭിച്ചു കഴിഞ്ഞാൽ കുറഞ്ഞത് 6 വർഷം തുടർച്ചയായി പ്രവർത്തിച്ചുകൊള്ളാമെന്ന് പ്രിൻസിപ്പൽ സത്യവാങ്മൂലം സമർപ്പിക്കണം. (Annexure-B)
3. വിദ്യാലയത്തിന് എൻ.എസ്.എസ്. യൂണിറ്റ് ലഭിച്ചു കഴിഞ്ഞാൽ സാമൂഹിക പ്രതിബദ്ധതയിൽ താൽപര്യമുള്ള അധ്യാപകൻ/അധ്യാപിക പ്രോഗ്രാം ഓഫീസറായി ചുമതല ഏൽക്കേണ്ടതും തുടർച്ചയായി മൂന്ന് വർഷം സേവനമനുഷ്ഠിക്കേണ്ടതുമാണ്. (സ്കൂൾ ട്രാൻസ്ഫർ ഒഴികെ)
4. പുതിയ യൂണിറ്റുകളിൽ ആദ്യവർഷം +1 ലെ 50 വിദ്യാർത്ഥികൾക്ക് മാത്രമേ എൻ.എസ്.എസ്. യൂണിറ്റിൽ വോളണ്ടിയർ ആയി സേവനം അനുഷ്ഠിക്കാൻ കഴിയുകയുള്ളൂ.
5. സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകൾക്ക് പ്രവർത്തന, ചെലവ് ഇപ്രകാരം കണ്ടെത്താം.

    1. പി.റ്റി.എ. ഫണ്ട്

    OR

    2. സി.എസ്.ആർ.ഫണ്ട്

    OR

    3. പഞ്ചായത്ത്/മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവരുടെ സ്പോൺസർഷിപ്പ് തുടങ്ങിയവ.

    OR

    4. എൻ.എസ്.എസ്. ൽ ചേരുന്ന വോളണ്ടിയർമാരിൽ നിന്നും ഒന്നാം വർഷം റെഗുലർ ആക്ടിവിറ്റിക്കായി 400 രൂപയും, സ്പെഷ്യൽ ക്യാമ്പിനായി 700 രൂപയും രണ്ടാം വർഷ വോളണ്ടിയർമാരിൽ നിന്ന് റെഗുലർ ആക്ടിവിറ്റിക്കായി 400 രൂപയും വാങ്ങാവുന്നതാണ്. സ്വാശ്രയ യൂണിറ്റുകളിലെ വോളന്റിയർമാരിൽ നിന്ന് തുടക്കത്തിൽ റഗുലർ ആക്ടിവിറ്റിക്കുള്ള തുക മാത്രം വാങ്ങിയാൽ മതിയാകും.

6. റെഗുലർ ആക്ടിവിറ്റിയിൽ നിന്ന് ഒരു വിദ്യാർത്ഥിക്ക് 40 രൂപ ക്രമത്തിൽ വർഷം 4000 രൂപ പ്രോഗ്രാം കോ-ഓർഡിനേറ്റർ, എൻ.എസ്.എസ്., ഹയർ സെക്കണ്ടറി വിദ്യാഭ്യാസം എന്ന പേരിൽ ഡി ഡി ആയി യൂണിറ്റ് അനുവദിച്ചതിനുശേഷം എൻ.എസ്.എസ്. സെല്ലിൽ നൽകേണ്ടതാണ്.

    യൂണിറ്റ് തുടങ്ങുന്ന വർഷം 2000 രൂപ (50 xRs.40=2000) റെഗുലർ ആക്ടിവിറ്റി - 100xRs.400 = Rs.40000/- (യൂണിറ്റ് ആരംഭിക്കുന്ന വർഷം (50 x400=20000/-) സ്പെഷ്യൽ ക്യാമ്പ് (50 x Rs.700=Rs.35000/- പ്രിൻസിപ്പലിന്റെയും പ്രോഗ്രാം ഓഫീസറുടെയും പേരിലുള്ള ജോയിന്റ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് എൻ.എസ്.എസ്. പ്രവർത്തനങ്ങൾക്ക് മാത്രമായി ഉണ്ടായിരിക്കേണ്ടതാണ്. ക്യാമ്പിന്റെ തുക അറിയിപ്പിനുശേഷം മാത്രം വാങ്ങിയാൽ മതിയാകും.

7. എൻറോൾമെന്റ് ലിസ്റ്റ് സമർപ്പിക്കുന്ന സമയത്ത് എൻ.എസ്.എസ്. ബാങ്ക് അക്കൗണ്ടിൽ നിശ്ചിത തുക ഉണ്ടായിരിക്കേണ്ടതാണ്. അതോടൊപ്പം പാസ്ബുക്കിന്റെ അറ്റസ്റ്റഡ് കോപ്പി എൻ.എസ്.എസ്. സെല്ലിൽ സമർപ്പിക്കേണ്ടതാണ്.
8. സാമ്പത്തികം ഒഴികെ നിലവിലെ എൻ.എസ്.എസ്. യൂണിറ്റുകൾക്ക് ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകൾക്കും ലഭ്യമാകുന്നതാണ്. നിലവിൽ സർക്കാർ നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന എൻ.എസ്.എസ്. യൂണിറ്റുകളുടെ പ്രവർത്തനം/ഭരണകാര്യം തുടങ്ങിയവ സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകൾക്കും ബാധകമായിരിക്കും.

09. ഈ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി വിദ്യാർത്ഥികളിൽ നിന്നോ മറ്റ് തരത്തിലോ ഫണ്ട് സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ യൂണിറ്റ് റദ്ദു ചെയ്യുന്നതായിരിക്കും.

10. എല്ലാ വിദ്യാലയത്തിലും എൻ.എസ്.എസ്. യൂണിറ്റിന് സ്വന്തമായി ഓഫീസ് റൂം ഉണ്ടായിരിക്കണം.

11. പ്രോഗ്രാം ഓഫീസർമാർക്കുള്ള ട്രെയിനിങ്ങിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. കൂടാതെ ഹയർസെക്കണ്ടറി എൻ.എസ്.എസ്. നടത്തുന്ന ക്യാമ്പുകൾ, പഠനക്ലാസ്സുകൾ, ശിൽപശാല, ജില്ലാസംസ്ഥാന പരിപാടികൾ എന്നിവയിലും പങ്കെടുക്കേണ്ടതാണ്.

12. റെഗുലർ ആക്ടിവിറ്റി, സ്പഷ്യൽ ക്യാമ്പിന്റെ ഏപ്രിൽ 1 മുതൽ മാർച്ച് 31 (യൂണിറ്റ് ആരംഭിക്കുന്ന വർഷം മാത്രം ആരംഭിച്ച ദിവസം മുതൽ മാർച്ച് 31 വരെ) വരെയുള്ള ചാർട്ടേഡ് അക്കൗണ്ടന്റ് ആഡിറ്റ് നടത്തിയ റിപ്പോർട്ട് എൻ.എസ്.എസ്. സെല്ലിൽ ലഭ്യമാക്കേണ്ടതാണ്. (വിശദാംശങ്ങൾ അതാത് സമയം സർക്കുലറിലൂടെ അറിയിക്കുന്നതാണ്)

13. എൻ.എസ്.എസ്. പ്രവർത്തനങ്ങൾ സാമൂഹിക സന്നദ്ധ, വിദ്യാഭ്യാസ പ്രവർത്തനമാണ്. സന്നദ്ധ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയാണ് പദ്ധതികൾ/പരിപാടികൾ നടത്തുന്നത്. പണപ്പിരിവോ/ എൻ.എസ്.എസ്. നിരക്കാത്ത തരത്തിൽ ഫണ്ട് ശേഖരണമോ ഉണ്ടായാൽ യാതൊരു കാരണവശാലും ആ യൂണിറ്റിനെ തുടർന്ന് പ്രവർത്തിക്കുന്നതിന് അനുവദിക്കുന്നതല്ല.

14. എൻ.എസ്.എസ്. യൂണിറ്റിന്റെ ഉദ്ഘാടനം എൻ.എസ്.എസ്. സെല്ലിൽ അറിയിക്കേണ്ടതും അനുമതി വാങ്ങേണ്ടതുമാണ്. യൂണിറ്റ് ലഭിച്ചു കഴിഞ്ഞാൽ 30 ദിവസത്തിനകം ഉദ്ഘാടനം സംഘടിപ്പിക്കേണ്ടതാണ്. ഉദ്ഘാടന ചടങ്ങിൽ എൻ.എസ്.എസ്. ന്റെ ഔദ്യോഗിക പ്രതിനിധികൾ ഉണ്ടായിരിക്കണം.

15. എൻ.എസ്.എസ്. യൂണിറ്റിന്റെ ഉദ്ഘാടന ചടങ്ങ് എൻ.എസ്.എസ് ന്റെ മാത്രം പരിപാടി ആയിരിക്കണം. മറ്റ് ക്ലബ്ബുകൾ/സംഘടനകൾ തുടങ്ങിയവരുടെ പരിപാടികളുമായി സംയുക്തമായി സംഘടിപ്പിക്കുവാൻ പാടുള്ളതല്ല.

16. സംസ്ഥാന/ജില്ല/മേഖല തല പരിപാടികൾ പ്രോഗ്രാം ഓഫീസർ/വോളണ്ടിയർമാർ തുങ്ങിയവർ പങ്കെടുക്കാതിരുന്നാൽ ഗുരുതര വീഴ്ചയായി കണക്കാക്കുകയും തുടർന്നുള്ള യൂണിറ്റിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതാണ്.

17. എൻ.എസ്.എസ്. യൂണിറ്റിനായി അപേക്ഷ സമർപ്പിക്കുമ്പോൾ പ്രോഗ്രാം ഓഫീസർ ആയി ചാർജ് ഏറ്റെടുക്കാൻ സമ്മതപത്രം നൽകുന്ന അധ്യാപകൻ/അധ്യാപിക മൂന്നുവർഷം തുടർച്ചയായി ചാർജ്ജ് വഹിക്കേണ്ടതാണ്. യൂണിറ്റ് ലഭിച്ചു കഴിഞ്ഞാൽ പകരം ചാർജ് മറ്റൊരാൾക്ക് നൽകുവാൻ പാടില്ല.

## ANNEXURE (A)

**NATIONAL SERVICE SCHEME**
**HIGHER SECONDARY EDUCATION, KERALA**
**APPLICATION FOR SELF-FINANCING NSS UNITS**

Name of District :

Name of School,
School Code, Phone No.
& Email ID :

Name of Principal, Phone No&
Email ID :

School Category (Government/
Aided/Unaided) :

Whether Institution already has
Regular NSS Units :

Proposed Source/Scale of
funding of NSS Activities/
Programmes :

Year of Starting Higher Secondary :

Number of Batches

| Science | Commerce | Humanities |
|---|---|---|
| | | |

School Situated Area : Rural Urban Tribal Coastal

No. of Teachers : Male Female Total

Name, Phone number & email Id of teacher who willing to take NSS charge :

School having : NCC
Yes/No
SPC
Yes/No

Remarks :

Date : Name and Signature of Principal (With seal)

# Annexure (B)

## <u>സമ്മതപത്രം</u>

..........................................................................ജില്ലയിൽ ............................................................ വില്ലേജിൽ ......................................................................................... പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പരി ധിയിൽ സ്ഥിതിചെയ്യുന്ന ......................................................................................................... സ്കൂളിലെ മാനേജർ, പ്രിൻസിപ്പൽ, പി.റ്റി.എ. പ്രസിഡന്റ് എന്നിവർ സംയുക്തമായി നൽകുന്ന സമ്മതപത്രം. സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റ് അനുവദിച്ചാൽ 6 വർഷം തുടർച്ചയായി പ്രവർത്തിച്ചുകൊ ള്ളാമെന്ന് മാർഗ്ഗ നിർദ്ദേശങ്ങളിലുള്ള നിബന്ധനകൾക്ക് വിപരീതമായി പ്രവർത്തിക്കുകയില്ലെന്നും അങ്ങനെ പ്രവർത്തിക്കുകയാണെങ്കിൽ സ്കൂളിലെ എൻ.എസ്.എസ്. യൂണിറ്റിന്റെ നടത്തിപ്പ് നിർത്തുന്നതുൾപ്പെടെയുള്ള നടപടികൾക്ക് വിധേയരാകാമെന്നും ഇതിനാൽ സമ്മതിച്ചു കൊള്ളുന്നു.

| | | |
|---|---|---|
| സ്കൂൾ മാനേജർ (പേര്) | ഒപ്പ് | ഫോൺ നമ്പർ |
| പ്രിൻസിപ്പൽ (പേര്) | ഒപ്പ് | ഫോൺ നമ്പർ |
| പി.റ്റി.എ. പ്രസിഡന്റ്(പേര്) | ഒപ്പ് | ഫോൺ നമ്പർ |

തീയതി

സ്കൂൾ സീൽ